**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2846** **12-07-2022 - ൽ മറുപടിയ്ക്ക്**

**മൂരാട് പുഴയിലെ ബണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മൂരാട് പുഴയിൽ ബണ്ട് നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>നാഷണൽ ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി പുഴയിൽ മൂരാട് ഭാഗത്ത് പാലം നിമ്മാണം നടക്കുന്ന ഭാഗത്ത് ഇരുകരകളിലുമായി 60 മീറ്റർ വീതിയിൽ ബണ്ട് നിർമ്മിച്ചിട്ടുണ്ട്. മധ്യഭാഗത്ത് 80 മീറ്റർ വീതിയിൽ പുഴ ഒഴുകുന്നുണ്ടെങ്കിലും ഇവിടങ്ങളിലും പൈലിംഗ് യൂണിറ്റുകൾ സ്ഥാപിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഈ ബണ്ട് നിർമ്മാണം കാരണം മഴക്കാലത്ത് പുഴയിലൂടെയുള്ള ഒഴുക്ക് കുറയുകയും സമീപ പഞ്ചായത്തുകളിൽ വെള്ളപ്പൊക്കം ഉണ്ടാകുകയും ചെയ്യും എന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത ബണ്ട് നിർമ്മാണം കാരണം മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകാൻ സാധ്യതയുള്ളതായി കരുതുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുവേണ്ടി മഴക്കാലത്തിനു മുന്നോടിയായി ബണ്ട് പൊളിച്ചു മാറ്റുന്നതിന് വടകര ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ 06/05/2022-ലെ കത്ത് പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (NHAI) കോഴിക്കോട് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ താൽക്കാലിക ബണ്ട് മഴക്കാലത്തിനു മുമ്പേ നീക്കം ചെയ്യുന്നതിന് NHAI-ക്ക് നിർദ്ദേശം നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് 17/05/2022ലെ കത്ത് പ്രകാരം ജില്ലാകളക്ടർക്കും കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ